**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1053** **24-02-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ മത്സ്യഫെഡിന്റെ ഫിഷ് മാർക്കറ്റുകൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **Shri Saji Cherian (മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യഫെഡിന്റെ ഫിഷ് മാർക്കറ്റുകൾ മലപ്പുറം ജില്ലയിൽ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ടെന്നും , ഇവിടങ്ങളിലേക്കുള്ള മത്സ്യം ഏതെല്ലാം കളക്ഷൻ സെന്ററുകളിൽ നിന്നാണ് എത്തിക്കുന്നതെന്നും അറിയിക്കാമോ; | (എ) | മലപ്പുറം ജില്ലയിൽ എടപ്പാൾ, കോട്ടയ്ക്കൽ, കാലിക്കറ്റ് യൂണിവേഴ്സിറ്റി (തേഞ്ഞിപ്പാലം) എന്നിവിടങ്ങളിലായി സഹകരണ ബാങ്കുമായി സഹകരിച്ച് ഫ്രാഞ്ചൈസി ഫിഷ്മാർട്ടുകൾ ആരംഭിച്ചിരുന്നുവെങ്കിലും നിലവിൽ പ്രവർത്തിക്കുന്നില്ല. പ്രവർത്തിച്ചിരുന്ന കാലയളവിൽ പൊന്നാനി, ബേപ്പൂർ, പുതിയാപ്പ എന്നീ ഹാർബറുകളിൽ നിന്നാണ് ടി ഫിഷ്മാർട്ടുകളിലേക്കുള്ള മത്സ്യം വിതരണത്തിനായി സംഭരിച്ചിരുന്നത്. |
| (ബി) | എല്ലാ നിയോജകമണ്ഡലങ്ങളിലും മത്സ്യഫെഡിന്റെ ഫിഷ് മാർക്കറ്റുകൾ ആരംഭിക്കുന്ന പദ്ധതി പ്രകാരം മലപ്പുറം ജില്ലയിലെ ഏതെല്ലാം സ്ഥലങ്ങളാണ് പുതിയതായി കണ്ടെത്തിയിട്ടുള്ളതെന്നും , ഇവിടങ്ങളിൽനിന്നും കളക്ഷൻ സെന്ററിലേക്കുള്ള ദൂരവും അറിയിക്കാമോ; | (ബി) | എല്ലാ നിയോജകമണ്ഡലങ്ങളിലും മത്സ്യഫെഡിന്റെ ഫിഷ് മാർക്കറ്റുകൾ ആരംഭിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് നിലമ്പൂർ, മലപ്പുറം, മഞ്ചേരി എന്നിവിടങ്ങളിലാണ് പുതുതായി ഫിഷ്മാർട്ട് തുടങ്ങുവാൻ കണ്ടെത്തിയിട്ടുള്ളത്. മത്സ്യ സംഭരണ കേന്ദ്രത്തിൽ നിന്നും നിലമ്പൂരിലേക്ക് 79 കിലോ മീറ്ററും, മഞ്ചേരിയിലേക്ക് 65 കിലോ മീറ്ററും, മലപ്പുറത്തേക്ക് 67 കിലോമീറ്ററുമാണ് ദൂരപരിധിയുള്ളത്. |
| (സി) | മത്സ്യഫെഡിന്റെ ഫിഷ് മാർക്കറ്റ് നിലമ്പൂർ നഗരസഭയുടെ ഫിഷ്മാർക്കറ്റിൽ ആരംഭിക്കുന്നതിനു വേണ്ടി എം.എൽ.എ മുഖാന്തിരം സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇതു സംബന്ധിച്ച ആശയവിനിമയങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | മത്സ്യഫെഡിന്റെ ഫിഷ് മാർക്കറ്റ് നിലമ്പൂർ നഗരസഭയുടെ ഫിഷ്മാർക്കറ്റിൽ ആരംഭിക്കുന്നതിനു വേണ്ടി അനുയോജ്യമായ സ്ഥലം (500 Sq.ft) ലഭ്യമാക്കുന്നതിന് ബഹു.എം.എൽ.എ ക്കും നിലമ്പൂർ നഗരസഭ ചെയർമാനും 09/02/2022 ൽ കത്ത് നൽകിയിട്ടുണ്ട്. ബഹു. നിലമ്പൂർ എം.എൽ.എ-യ്ക്കും നഗരസഭ ചെയർമാനും നൽകിയ കത്തുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

മത്സ്യഫെഡ്
കേരള സംസ്ഥാന സഹകരണ മത്സ്യ വികസന ഫെഡറേഷൻ
(മത്സ്യഫെഡ്)
തിരൂർ പി.ഒ., കെ.ജി. പടി, മലപ്പുറം ജില്ല
പിൻ : 676101, ഫോൺ: 0494 2423503
വെബ് സൈറ്റ് : www.matsyafed.org ഇ-മെയിൽ: matsyafedmpm@yahoo.com

No. Mfed/MPM/MKtg/433/2020 09/02/2022

ശ്രീ. പി.എ. അൻവർ
ബഹു.എം എൽ എ,
നിലമ്പൂർ നിയോജക മണ്ഡലം

സർ,

വിഷയം : മത്സ്യഫെഡിന്റെ മത്സ്യവിപണന ബൂത്തിനായി നിയോജക മണ്ഡലത്തിൽ സ്ഥലം അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന : മത്സ്യഫെഡ് മാനേജിങ് ഡയറക്ടറുടെ 24-11-21 തിയ്യതിയിലെ Mfed/M2/3839/2018 നമ്പർ കത്ത്

.........

മേൽ സൂചന കത്ത് പ്രകാരം ആവശ്യക്കാർക്ക് ഗുണമേൻമയും മായം ചേർക്കാത്തതുമായ മത്സ്യം ലഭിക്കുന്നതിനും മത്സ്യതൊഴിലാളികൾക്ക് ന്യായവില ലഭ്യമാക്കുന്നതിനും പ്രദേശത്തെ 4 പേർക്ക് തൊഴിൽ ലഭിക്കുന്നതിനുമായി കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലും മത്സ്യഫെഡിന്റെ ഫിഷ്മാർട്ടുകൾ ആരംഭിക്കണമെന്ന് 07/10/2021 ന് ബഹു ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചതനുസരിച്ച് ജില്ലയിലെ എല്ലാ നിയോജക മണ്ഡലങ്ങളിലും മത്സ്യഫെഡിന്റെ ഫിഷ്മാർട്ടുകൾ ആരംഭിക്കാൻ നിർദേശം ലഭിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ അങ്ങയുടെ നിയോജക മണ്ഡലത്തിൽ മത്സ്യഫെഡിന്റെ ഫിഷ് മാർട്ട് തുടങ്ങുന്നതിന് അനുയോജ്യമായ 500 sqfeet ൽ കുറയാത്ത സ്ഥലം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് വിനീതമായി അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

ജില്ലാ മാനേജർ

മത്സ്യഫെഡ്

**കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ**

**(മത്സ്യഫെഡ്)**

തിരൂർ പി.ഒ., കെ.ജി. പടി, മലപ്പുറം ജില്ല

പിൻ : 676101 ,ഫോൺ: 0494 2423503

വെബ് സൈറ്റ് : www.matsyafed.org ഇ-മെയിൽ:matsyafedmpm@yahoo.com

---

No. Mfed/MPM/MKtg/433/2020 09-12-2021

ബഹു : ചെയർമാൻ

നിലമ്പൂർ നഗരസഭ.

സർ,

വിഷയം : ......നിലമ്പൂർ നഗരസഭയിൽ......മത്സ്യഫെഡിന്റെ മത്സ്യ വിപണന ബൂത്തിനായി സ്ഥലം അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന : മത്സ്യഫെഡ് മാനേജിങ് ഡയറക്ടറുടെ 24-11-2021 തിയ്യതിയിലെ Mfed/M2/3839/2018 നമ്പർ കത്ത്

.........

സൂചനയിൽ പറഞ്ഞിരിക്കുന്ന കത്ത് പ്രകാരം ആവശ്യക്കാർ ഗുണമേൻമയുള്ള മത്സ്യം ലഭിക്കുന്നതിനും, മത്സ്യതൊഴിലാളികൾക്ക് ന്യായവ ലഭിക്കുന്നതിനുമായി കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലും മുൻസിപ്പാലി കോർപ്പറേഷൻ, പഞ്ചായത്തുമായി സഹകരിച്ചോ, നേരിട്ടോ മത്സ്യഫെഡിന്റെ ഫിഷ്മാർട്ടുകൾ ആരംഭിക്കണമെന്ന് 07/10/2021 തിയ്യതിയിലെ ബഹു. ഫിഷറീ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമെടുത്തിട്ടു ആയത് പ്രകാരം ജില്ലയിലെ എല്ലാ നിയോജക മണ്ഡലങ്ങളിലും ഫിഷ്മാർട്ടുക ആരംഭിക്കണമെന്നുംആവശ്യപ്പെട്ടിട്ടുണ്ട്

ആയതിനാൽ.........നിലമ്പൂർ...നഗരസഭയിൽ......... ...... ഫിഷ്മാർട്ട് തുടങ്ങുന്നതിന് അനുയോജ്യമായ 500 sqfeet ൽ കുറയാത്ത സ്ഥലം ല മാക്കണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

ജില്ലാ മാനേജർ

District Manager,
MATSYAFED, TIRU
MALAPPURAM DIST.